# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.95      13/06/2013 -ൽ മറുപടിക്ക്

## പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ജെയിംസ് മാത്യു | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ ; പുതിയ സ്കൂളുകളുടെ ആവശ്യകത ശാസ്ത്രീയമായി പരിശോധിച്ചിട്ടുണ്ടോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്.11/06/2013 ലെ സ.ഉ (കൈ) നം.185/2013/പൊ.വി.വ എന്ന ഉത്തരവിൻ പ്രകാരം സംസ്ഥാനമൊട്ടാകെ 678 ബാച്ചുകൾ അനുവദിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ ഹയർസെക്കന്ററി കോഴ്സ് ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിലെ ഹൈസ്കൂളുകളെ ഹയർസെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുവാൻ തീരുമാനിച്ചിട്ടിണ്ട്. ഓരോ പഞ്ചായത്തിലും ഒരു സ്കൂളെന്ന നിലയിൽ രണ്ട് ബാച്ചുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്. 148 പഞ്ചായത്തുകളിലായി 296 ബാച്ചുകളാണ് ഇത്തരത്തിൽ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈവിഷയത്തിൽ സർക്കാർ ,കോർപ്പറേറ്റ് മാനേജ്മെന്റ്, വ്യക്തിഗത എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകൾ എന്നീ ക്രമത്തിലാണ് മുൻഗണന നിശ്ചയിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 382 ബാച്ചുകൾ എറണാകുളം മുതൽ കാസറഗോഡ് വരെയുള്ള എട്ട് ജില്ലകളിലായി ആവശ്യകത കണക്കിലെടുത്തുകൊണ്ട് (എസ്.എസ്.എൽ.സി വിജയിച്ച കുട്ടികളുടെ എണ്ണം, നിലവിലെ പ്ലസ് ടു സീറ്റുകളുടെ എണ്ണം എന്നിവ കണക്കിലെടുത്തുകൊണ്ട്) നിലവിലുള്ള ഹൈസ്കൂളുകളെ ഹയർസെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും |

(സർക്കാർ സ്കൂളുകൾക്ക് മുൻഗണന നൽകി ക്കൊണ്ട്) ഇതിൽ ബാക്കിവരുന്ന ബാച്ചുകൾ നിലവിലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യകത മുൻനിർത്തി അഡീഷണൽ ബാച്ചുകളായി അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ അദ്ധ്യയനവർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിച്ചതുവഴി എത്ര സീറ്റുകളാണ് വർദ്ധിപ്പിക്കാൻ കഴി ഞ്ഞത് ; | (ബി) | കഴിഞ്ഞ അദ്ധ്യയന വർഷം ഹയർസെക്കന്ററി സ്കൂളുകളിൽ അധികബാച്ച് അനുവദിച്ചതുവഴി 2171 സീറ്റുകൾ വർദ്ധിച്ചു. |
| (സി) | ചില സ്കൂളുകളിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാതെ വരികയും സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയും ചെയ്ത സ്ഥിതിവിശേഷം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ അദ്ധ്യയനവർഷം അരലക്ഷത്തിലേറെ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിട ന്നിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അവസ്ഥ ഉണ്ടാകാനിടയായ സാഹചര്യം സംബന്ധിച്ച് പരിശോ ധന നടത്താൻ നടപടി സ്വീകരി ക്കുമോ ? | (ഡി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 50679 സീറ്റുകളാണ് ആകെ ഒഴിഞ്ഞു കിടന്നത്. ഏകജാലക സംവിധാനം വഴി നികത്തപ്പെടേണ്ട 279137 മെരിറ്റ് സീറ്റുകളിൽ 12125 സീറ്റുകൾ ഒഴിവുവന്നു.മാനേജ്മെന്റ് ക്വാട്ടയിൽ ആകെ 39909 സീറ്റുകളിലായി 4322 സീറ്റുകളും കമ്മ്യൂണിറ്റിക്വാട്ടയിൽ21717 സീറ്റുകളിൽ 2939 സീറ്റുകളും സ്പോർട്സ് ക്വാട്ടയിൽ 8503 സീറ്റുകളിൽ 4546 സീറ്റുകളുംആണ് എയ്ഡഡ് സ്കൂളുകളിൽ ആകെയുള്ള 64785 സീറ്റുകളിൽ 26747 സീറ്റുകളും ഒഴിഞ്ഞുകിടന്നു. മെരിറ്റ് ക്വാട്ടയിൽ ഒഴിവുവന്ന 12125 സീറ്റുകളിൽ ഏറിയപങ്കും വിദൂര പ്രദേശങ്ങളിലുള്ള ഹയർസെക്കന്ററി സ്കൂളുകളിലോ പ്രാദേശികമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തഹയർസെക്കന്ററി സ്കൂളുകളിലോ ആയിരുന്നു. |

**സെക്ഷൻ ഓഫീസർ.**